# കേരള സർവകലാശാല

## ബി.എഡ് പ്രവേശനം– 2026

## സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

## കോളേജ് പ്രവേശനം ജൂലൈ 27, 28 തീയതികളിൽ

### നിർദ്ദേശങ്ങൾ

- കേരള സർവകലാശാലയുടെ 2026 – 27 അധ്യയന വർഷത്തിലെ ബി.എഡ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റ് (https://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു.

- അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

- അലോട്ട്മെന്റ് ലഭിച്ചവർ (ഇതുവരെ സർവ്വകലാശാല ഫീസ് അടയ്ക്കാത്തവർ) നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്.

- അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർക്ക് അവരുടെ പ്രൊഫൈലിൽ നിന്നും അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്.

- അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്.

- മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്.

- ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിലോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്.

- സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, ഡിഫെൻസ് ക്വാട്ട കാറ്റഗറികളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ ഒഴികെയുള്ളവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ ലഭിച്ച അഡ്മിഷൻ നിർബന്ധമായും എടുക്കേണ്ടതാണ് . അല്ലാത്തപക്ഷം പഴയ അഡ്മിഷൻ നഷ്ടപ്പെടുകയും പുതിയ അഡ്മിഷൻ ലഭിക്കാതെ വരുകയും ചെയ്യും . സ്പോർട്സ് ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, കമ്മ്യൂണിറ്റി ക്വാട്ട, ഡിഫെൻസ് ക്വാട്ട കാറ്റഗറികളിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് താല്പര്യമുള്ളപക്ഷം അഡ്മിഷൻ നിലനിർത്താവുന്നതാണ്.
- ജൂലൈ 28ന് ഉള്ളിൽ പുതിയ അലോട്ട്മെന്റിൽ അഡ്മിഷൻ നേടിയില്ലെങ്കിൽ അലോട്ട്മെന്റ് ക്യാൻസൽ ആകുന്നതാണ്.

താൽക്കാലിക (Temporary) അഡ്മിഷൻ ഈ ഘട്ടത്തിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും Permanent Admission എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസൽ കോളേജിൽ സമർപ്പിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക്

ഹെൽപ്പ് ലൈൻ നമ്പർ : 8281883053 ( Whatsapp also)

ഇമെയിൽ : bedadmission@keralauniversity.ac.in

25/07/2026

രജിസ്ട്രാർ